Reg. No.: ...............................

Name : ...................................

III Semester M.A. Degree (CBSS – Reg./Sup./Imp.) Examination, October 2022
(2019 Admission Onwards)

# MALAYALAM LANGUAGE AND LITERATURE

## MAL 3E03/MAL EL05 : Literature and Philosophy

(സാഹിത്യവും തത്ത്വചിന്തയും)

Time : 3 Hours Max. Marks : 80

I. **എല്ലാ ചോദ്യങ്ങൾക്കും ഈരണ്ടു പുറത്തിൽ** ഉത്തരമെഴുതുക.

1) ''പരസുഖമേ സുഖമെനിക്കു നിയതം പരദുഃഖം ദുഃഖം
പരമാർത്ഥത്തിൽപ്പരനും ഞാനും ഭവാനുമൊന്നല്ലി'' എന്ന വരികളിൽ ഉള്ളൂർ അവതരിപ്പിക്കുന്ന ദർശനമെന്ത് ?

2) ''ഈ കല്ലറ വായ പിളർക്കുമ്പോൾ
ഭൂമിക്കു മീതെ
ഞാൻ മുളച്ചുയരും'' എന്ന വരികളിൽ എ. അയ്യപ്പൻ മുന്നോട്ടു വെക്കുന്ന ദാർശനിക ചിന്തകൾ എന്തെല്ലാം ?

3) നവോത്ഥാന മാനവികതയുടെ ദർശനങ്ങൾ 'സുന്ദരികളും സുന്ദരൻമാരും' അവതരിപ്പിക്കുന്നതെങ്ങനെ ?

4) ''മനുഷ്യവംശ ചരിത്രത്തിന്റെ മാർക്സിയൻ വ്യാഖ്യാനത്തിന്റെ കേരളീയ കാവ്യാഖ്യാന''മാണ് 'കുറത്തി' എന്ന നിരീക്ഷണം പരിശോധിക്കുക.

5) ആന്തരികമായി നടന്ന ഒരു ആൾമാറാട്ടത്തിന്റെ കലാപരമായ ആവിഷ്കാരം എന്ന നിലയിൽ ഹിഗ്വിറ്റ മുന്നോട്ടു വെക്കുന്ന ദർശനങ്ങൾ എന്തെല്ലാം ? **(5×4=20)**

II. **നാലു പുറത്തിൽ** കവിയാതെ ഉത്തരമെഴുതുക.

6) എ) ''ദ്വന്ദാതീതമായ പ്രകൃതിശക്തിയിൽ എല്ലാം വിലയിക്കുന്നുവെന്ന ദർശന''മാണ് 'കണ്ണുനീർത്തുള്ളി' പ്രദാനം ചെയ്യുന്നത് – വിലയിരുത്തുക.

**അല്ലെങ്കിൽ**

ബി) ''അകവും പുറവും തിങ്ങും
മഹിമാവാർന്ന നിൻപദം'' – അകം, പുറം ദ്വന്ദ്വങ്ങളിലൂടെ ശ്രീനാരായണഗുരു അവതരിപ്പിക്കുന്ന ദാർശനിക ചിന്തകൾ എന്തെല്ലാം ?

P.T.O.



7) എ) സാർവലൗകിക സ്നേഹം എന്ന സൂഫിസ്റ്റ് ദർശനത്തെ 'തേൻമാവ്' എന്ന കഥ എപ്രകാരം സംവഹിക്കുന്നു ?

**അല്ലെങ്കിൽ**

ബി) ''മറകൾ മാറ്റി മാറ്റി നിങ്ങൾ നോക്കിടുന്തോറും
വരുമേ അടിക്കടി മറകൾ വീണ്ടും വീണ്ടും'' – ഇവിടെ അവതരിപ്പിക്കുന്ന 'മറ'എന്ന വാക്കിന്റെ വ്യത്യസ്ത വിവക്ഷകൾ വിശകലനം ചെയ്യുക.

8) എ) മാനവികതയുടെ പ്രസരണങ്ങൾ മനുഷ്യനിലെന്ന പോലെ മൃഗത്തിലും അധ്യാരോപിക്കുകയാണ് ശബ്ദിക്കുന്ന കലപ്പയും മാണിക്കനും – താരതമ്യം ചെയ്യുക.

**അല്ലെങ്കിൽ**

ബി) മാനവികതാമൂല്യം കുറഞ്ഞ മലയാളത്തിലെ ഏറ്റവും നല്ല മൃഗകഥകളിലൊന്നാണ് വെള്ളപ്പൊക്കത്തിൽ എന്ന നിരീക്ഷണത്തിനു പിന്നിലുള്ള ദാർശനിക യുക്തി. പരിശോധിക്കുക.

9) എ) ''വ്യക്തിഗതമായ ജീവിതാവസ്ഥകളും സാമൂഹികമായ മാനുഷാവസ്ഥകളും അഭിമുഖമായി വർത്തിക്കുമ്പോൾ ഉണ്ടാവുന്ന അന്ത:സംഘർഷത്തിന്റെ പൊള്ളിക്കുന്ന ജ്വരമൂർച്ഛയാണ്'' പനി എന്ന കവിത – വിലയിരുത്തുക.

**അല്ലെങ്കിൽ**

ബി) അസ്തിത്വവാദ ദർശന പരിസരത്തു നിന്നു കൊണ്ട് ഹരിദ്വാറിൽ മണികൾ മുഴങ്ങുന്നു എന്ന നോവലിലെ രമേശൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

10) എ) ജനസഞ്ചയം (Multitude) എന്ന പരികല്പനയുടെ സവിശേഷതകളെന്തെല്ലാം ?

**അല്ലെങ്കിൽ**

ബി) നീഷെ മുന്നോട്ടു വെക്കുന്ന ആദർശ സമൂഹത്തിന്റെ പ്രത്യേകതകളെന്തെല്ലാം ? **(5×6=30)**



III. **ആറു പുറത്തിൽ** കവിയാതെ ഉത്തരമെഴുതുക.

11) എ) പ്രേമസംഗീതം, ദൈവദശകം, വിശ്വദർശനം എന്നീ കവിതകൾ മുന്നോട്ടു വെക്കുന്ന ആദ്ധ്യാത്മിക ദർശനങ്ങളുടെ പൊരുൾ താരതമ്യം ചെയ്യുക.

**അല്ലെങ്കിൽ**

ബി) സൂഫിസം, സെൻബുദ്ധിസം, താവോയിസം എന്നീ പൗരസ്ത്യ ദർശനങ്ങളെ വിശദീകരിച്ച് മലയാള സാഹിത്യം അവയെ എത്രകണ്ട് സ്വാംശീകരിച്ചിരിക്കുന്നു എന്ന് മാതൃകകളെ മുൻനിർത്തി പരിശോധിക്കുക.

12) എ) ''ഇമാരത്തുകളും ക്ഷേത്രങ്ങളും ഒരുപോലെ മനുഷ്യന്റെ അബോധപരമായ വെമ്പലുകളെ പരിഹരിക്കാനുള്ള ഉപാധികൾ മാത്രമാണെന്ന വിവേകം പ്രസരിക്കുന്നുണ്ട്'' സൂഫി പറഞ്ഞ കഥ – ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

ബി) ഭാരതീയ വേദാന്ത സാരവും അസ്തിത്വ ദർശനവും അസംബന്ധ വാദവും ഒരുപോലെ കടന്നു വരുന്ന നോവലാണ് സാക്ഷി – വിലയിരുത്തുക.

13) എ) 'ലീല ഭർതൃഘാതകിയോ' എന്ന നിരൂപണത്തിൽ മാരാർ അവതരിപ്പിക്കുന്ന യുക്തി പ്രയോഗ ചാതുര്യത്തെ ഘടനാവാദാനന്തര ചിന്തകളുടെ പരിപ്രേക്ഷ്യത്തിൽ വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

ബി) മാർക്സിസ്റ്റ് ദർശനങ്ങളുടെ അന്തർധാരയിൽ മാനവികതാമൂല്യങ്ങൾ ലയിച്ചു ചേരുന്നുണ്ട്. മലയാള സാഹിത്യ മാതൃകകളെ മുൻനിർത്തി ഉപന്യസിക്കുക. **(3×10=30)**

---